റാവു ബഹദൂർ ടി. കെ. നായർ: ഇന്നാലെ ഈ ബസ്സ് ട്രാഫിക്കിനെ സംബന്ധിച്ചുണ്ടായ ചോദ്യോത്തരങ്ങളിൽനിന്നു ഇതൊക്കെ മനസ്സിലാക്കാം. ഇതിന്റെ ആവശ്യകതയെ കുറിച്ചു തീരുമാനിക്കുന്നതു" Transport authority യാണു". അങ്ങിനെ തീരുമാനിക്കാനുണ്ടായ കാരണം ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. കെ. രാജാ: അതു ഈ ലൈനിനെ സംബന്ധിച്ചാണൊ?

റാവു ബഹദൂർ ടി. കെ. നായർ: അതെ. കുന്നംകുളം-വടക്കാഞ്ചേരി ലൈനിലാണു".

മിസ്റ്റർ പി. കെ. ഡീവർ: അതെന്തു കാരണംകൊണ്ടാണു് കൊടുക്കാത്തതെന്നു അന്വേഷിക്കാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അന്വേഷിക്കാം.

മിസ്റ്റർ എം. കെ. രാജാ: ആ ലൈനിൽ ബസ്സ് വേണ്ടത്ര എണ്ണം ഇല്ലാത്തതുകൊണ്ടു് യാത്രക്കാർക്കുള്ള അസൌകര്യത്തെക്കുറിച്ചു് ഗവർമ്മെണ്ടിനു അറിയാമൊ?

റാവു ബഹദൂർ ടി. കെ. നായർ: അറിയാം.

മിസ്റ്റർ എം. കെ. രാജാ: അതു പരിഗണിച്ചു് ഈ കായ്മും ട്രാൻസ്പോർട്ട് അതോറിട്ടിയുടെ ശ്രദ്ധയിൽ പെടുത്താമൊ?

റാവു ബഹദൂർ ടി. കെ. നായർ: തീർച്ചയായും പെടുത്താം.

KOOVAPPADAM COLLEGE SCHEME—PEOPLE RENDERED HOMELESS

343. മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് സദയം മറുപടി പറയുമൊ.—

കുവപ്പാടം കോളേജ് പദ്ധതിമൂലം പാർപ്പാൻ കൂടിയില്ലാതായിത്തീർന്ന പാവപ്പെട്ട കുടികിടപ്പുകാരുടെ പരിരക്ഷക്കുക്കായി എന്തു നടപടികളാണു് ഗവർമ്മെണ്ടു് എടുക്കുവാനുദ്ദേശിക്കുന്നതു"?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

വീടില്ലാത്ത പാവപ്പെട്ടകുടികിടപ്പുകാർക്കു് വേറെ പാർപ്പിടസ്ഥലങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഗവർമ്മെണ്ടു് വേണ്ട ആലോചനകൾ നടത്തിവരുന്നുണ്ടു്.

SALE OF POTATOES, ONIONS, ETC.—ISSUE OF PERMIT FOR

344. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

(*a*) has the Food Supply Department issued orders to wholesale merchants that potatoes, onions, etc., should be sold only against permits issued;

(*b*) who issues such permits;

(*c*) has any complaint been received regarding the inordinate delay on the part of the Food Supply Department to issue permits for the disposal of these articles which are easily perishable?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) Yes. In respect of onions, potatoes, etc., imported by way of quotas allotted to the State from the Madras Presidency.

(*b*) The Assistant Supply Officers and the Field Officers authorised by them on this behalf.

(*c*) No.

HOURS OF WORK OF NURSES

345. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ —

(എ) ഉദ്യോഗപേക്ഷയുള്ള മെട്രോർണിറ്റി ഹോസ്പിറ്റലിലേയും മട്ടാഞ്ചേരിയിലുള്ള സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേയും നഴ്സുമാർ പ്രതിദിനം എത്ര മണിക്കൂർ ജോലി ചെയ്യുന്നുണ്ടു്;

(ബി) മറ്റു ആശുപത്രിയിലെ നഴ്സ്സ് പ്രതിദിനം എത്ര മണിക്കൂർ പണിയെടുക്കണം?

LIBRARY ARCHIVES Kerala Legislative Assembly